**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 856** **10-08-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികൾ ഏതൊക്കെ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മഞ്ചേരി നിയോജകമണ്ഡലത്തിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലെ ആമയൂർ ചക്കിങ്ങൽക്കണ്ടി പട്ടികജാതി കോളനി, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ ഏറാഞ്ചേരി പട്ടികജാതി കോളനി, മഞ്ചേരി നഗരസഭയിലെ ആര്യാപാടം കുറുങ്കാട്ട്കുന്ന് പട്ടികജാതി കോളനി, പാക്കരത്ത് പട്ടികജാതി കോളനി, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ ആനക്കോട് പട്ടികജാതി കോളനി എന്നീ കോളനികളെയാണ് അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിലേയ്ക്ക് 2016-17,2019-20,2021-22 എന്നീ വർഷങ്ങളിൽ തെരഞ്ഞെടുത്തത്.<br><br>2016-17 വർഷത്തെ അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട ആമയൂർ ചക്കിങ്ങൽക്കണ്ടി പട്ടികജാതി കോളനി, ഏറാഞ്ചേരി കോളനി എന്നീ പട്ടികജാതി കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട ആര്യാപാടം കുറുങ്കാട്ട്കുന്ന് പട്ടികജാതി കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഏകദേശം 80 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട പാക്കരത്ത് പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആനക്കോട് കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ലഭ്യമാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച കോളനികളുടെ പ്രവൃത്തികൾ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു |

| | | | |
|---|---|---|---|
| | ഇനിയും പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; അടിയന്തരമായി പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | മറുപടി (ബി ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ